REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 05-07-2026 **സമയം** 12.30 PM

## പ്രധാന വാർത്തകൾ

- **പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ഇന്തോനേഷ്യ, ഓസ്ട്രേലിയ, ന്യൂസിലാൻഡ് സന്ദർശനത്തിന് നാളെ തുടക്കം.**
- **ബ്രിക്സ് വനിതാ മന്ത്രിതല യോഗം നാളെയും മറ്റന്നാളും കൊച്ചിയിൽ.**
- **സംസ്ഥാനത്ത് പ്ലസ് വൺ ക്ലാസുകൾ നാളെ ആരംഭിക്കും.**
- **കേരളത്തിൽ മഴ ശക്തമാകുന്നു. മൂന്ന് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.**
- **ഫിഫ ലോകകപ്പ് ഫുട്ബോൾ പ്രീ ക്വാർട്ടറിൽ ബ്രസീൽ - നോർവേ, ഇംഗ്ലണ്ട് - മെക്സിക്കോ മത്സരം നാളെ പുലർച്ചെ**

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ആറ് ദിവസത്തെ വിദേശ പര്യടനം നാളെ ആരംഭിക്കും. ഇന്തോനേഷ്യ, ഓസ്ട്രേലിയ, ന്യൂസിലാൻഡ് എന്നീ രാജ്യങ്ങളാണ് മോദി സന്ദർശിക്കുന്നത്.

ഇന്തോനേഷ്യൻ പ്രസിഡന്റ് പ്രബോവോ സുബിയാന്റോയുടെ ക്ഷണപ്രകാരം ബുധനാഴ്ച വരെയാണ് ഇന്തോനേഷ്യൻ സന്ദർശനം. സമുദ്ര സുരക്ഷാ സഹകരണം ഇരുനേതാക്കളും ചർച്ച ചെയ്യും. പ്രധാനമന്ത്രി മോദിയുടെ നാലാമത്തെ ഇന്തോനേഷ്യൻ സന്ദർശനമാണിത്.

ജക്കാർത്തയിൽ, ഇന്ത്യൻ പ്രവാസികളുടെ സമ്മേളനത്തെയും പ്രധാനമന്ത്രി അഭിസംബോധന ചെയ്യും.

തുടർന്ന് ഓസ്ട്രേലിയയിലെ മെൽബണിലെത്തുന്ന പ്രധാനമന്ത്രി, ഇരുരാജ്യങ്ങളും തമ്മിലെ വാർഷിക ഉച്ചകോടിയിൽ പങ്കെടുക്കും. സന്ദർശനത്തിന്റെ അവസാന ഘട്ടത്തിൽ ഈ മാസം 10, 11 തീയതികളിൽ അദ്ദേഹം ന്യൂസിലാൻഡിലെത്തുമെന്ന് വിദേശകാര്യമന്ത്രാലയം അറിയിച്ചു.

✪✪✪

പാർലമെന്റിന്റെ വർഷകാല സമ്മേളനം ഈ മാസം 20 മുതൽ ഓഗസ്റ്റ് 13 വരെ ചേരും. ഇത് സംബന്ധിച്ച ഗവൺമെന്റ് ശുപാർശയ്ക്ക് രാഷ്ട്രപതി ദ്രൗപദി മുർമു അംഗീകാരം നൽകിയതായി പാർലമെന്ററി കാര്യ മന്ത്രി കിരൺ റിജിജു ന്യൂഡൽഹിയിൽ അറിയിച്ചു. ദേശീയപ്രാധാന്യ വിഷയങ്ങളിൽ ചർച്ചകൾക്കും തീരുമാനങ്ങൾക്കുമാകും സമ്മേളനത്തിൽ മുൻഗണന നൽകുകയെന്ന് കിരൺ റിജിജു പറഞ്ഞു.

✪✪✪

ഇന്ത്യയുടെ അധ്യക്ഷതയിൽ രണ്ടു ദിവസത്തെ ബ്രിക്സ് വനിതാ മന്ത്രിതല യോഗം നാളെ കൊച്ചിയിൽ തുടങ്ങും. ബ്രിക്സ് വനിതാ പ്രവർത്തക സമിതി യോഗത്തിനും വനിതാ മന്ത്രിതല യോഗത്തിനും തയ്യാറെടുപ്പുകൾ അന്തിമഘട്ടത്തിലാണ്. 'പ്രതിരോധശേഷി, നൂതനാശയങ്ങൾ, സഹകരണം, സുസ്ഥിരത എന്നിവ കെട്ടിപ്പടുക്കുക' എന്ന പ്രമേയത്തിൽ, കേന്ദ്ര വനിതാ ശിശുവികസന മന്ത്രാലയത്തിന്റെ ആഭിമുഖ്യത്തിലാണ് പരിപാടി സംഘടിപ്പിക്കുന്നത്.

നേതൃത്വം, ഭരണം, സാമ്പത്തികം, ഡിജിറ്റൽ ഉൾപ്പെടുത്തൽ, കാലാവസ്ഥാ പ്രവർത്തനം എന്നിവയിൽ സഹകരണം ശക്തിപ്പെടുത്തുന്നതിന് അംഗരാജ്യങ്ങളിലെ മന്ത്രിമാർ ചർച്ച നടത്തും .

✪✪✪

വിദേശകാര്യ മന്ത്രി ഡോ. എസ്. ജയ്ശങ്കറിന്റെ ഖത്തർ, ബഹ്റൈൻ, കുവൈറ്റ്, ഒമാൻ ഔദ്യോഗിക സന്ദർശനത്തിന് ഇന്ന് തുടക്കമാകും. ഈ മാസം 10 വരെയാണ് സന്ദർശനം. ഈ രാജ്യങ്ങളിലെ വിദേശകാര്യ മന്ത്രിമാരുമായും സഹമന്ത്രി മാരുമായും അദ്ദേഹം കൂടിക്കാഴ്ച നടത്തും.

ഒമാൻ സന്ദർശനത്തിന് ശേഷം, യുഎൻ സുരക്ഷാ കൗൺസിലിന്റെ കാലാവധിയുമായി ബന്ധപ്പെട്ട ഇന്ത്യൻ പ്രചാരണത്തിന് തുടക്കം കുറിക്കാൻ ജയ്ശങ്കർ ന്യൂയോർക്ക് സന്ദർശിക്കും.

തുടർന്ന് ബ്രസ്സൽസിൽ യൂറോപ്യൻ യൂണിയൻ, ബെൽജിയൻ പ്രതിനിധികളുമായും അദ്ദേഹം കൂടിക്കാഴ്ച്ച നടത്തും.

✪✪✪

കേന്ദ്ര ധനമന്ത്രി നിർമ്മലാ സീതാരാമൻ ഫ്രാൻസിലെ ഇന്ത്യൻ സമൂഹത്തെ അഭിസംബോധന ചെയ്തു. ഇന്ത്യയുടെ ആഗോള നിലയും, ഉഭയകക്ഷി ബന്ധവും ശക്തിപ്പെടുത്തുന്നതിൽ നിർണായക സ്വാധീനം ഫ്രാൻസിലെ പ്രവാസി സമൂഹത്തിനുണ്ടെന്ന് നിർമ്മലാ സീതാരാമൻ പറഞ്ഞു.

✪✪✪

രാജ്യത്ത് ഉള്ളിയുടെ സംഭരണവില ക്വിന്റലിന് 1,875 രൂപയിൽ നിന്ന് 2,125 രൂപയായി ഉയർത്തി. ഇതോടെ വില 13 ശതമാനം വർധിച്ചു. പരിഷ്കരിച്ച സംഭരണവില, കരുതൽ ശേഖരണ നടപടികളെ പിന്തുണയ്ക്കുന്നതിനൊപ്പം ഉള്ളിക്കർഷകർക്ക് മികച്ച വരുമാനം ഉറപ്പാക്കുമെന്നും ഉപഭോക്തൃകാര്യ ഭക്ഷ്യ - പൊതുവിതരണ മന്ത്രാലയം അറിയിച്ചു.

✪✪✪

വെനിസ്വേലയിലെ ഭൂകമ്പങ്ങളിൽ മരിച്ചവരുടെ എണ്ണം 2,954 ആയതായി ദേശീയ അസംബ്ലി പ്രസിഡന്റ് ജോർജ് റോഡ്രിഗസ് അറിയിച്ചു. 16,000 ത്തിലധികം ആളുകൾക്ക് പരിക്കേറ്റതായും, അത്ര തന്നെ പേർക്ക് വീടുകൾ നഷ്ടപ്പെട്ടതായും അദ്ദേഹം പറഞ്ഞു. രക്ഷാപ്രവർത്തനം ഇപ്പോഴും തുടരുകയാണ്. കഴിഞ്ഞ മാസം 24 നാണ് 7.2 ഉം 7.5 ഉം തീവ്രത രേഖപ്പെടുത്തിയ ഭൂകമ്പം തെക്കെ അമേരിക്കൻ രാജ്യമായ വെനിസ്വേലയിലുണ്ടായത്.

✪✪✪

ജമ്മു കശ്മീരിലെ ഷോപ്പിയാൻ ജില്ലയിൽ നിരോധിത സംഘടനയായ ലഷ്കർ-ഇ-തൊയ്ബയിൽപ്പെട്ട രണ്ട് ഭീകരരെ സുരക്ഷാസേന വളഞ്ഞു. മീമന്ദർ മേഖലയിലെ തോട്ടത്തിൽ ഭീകരരുടെ സാന്നിധ്യം കണ്ടെത്തിയതിനെ തുടർന്ന് വെള്ളിയാഴ്ച ഉച്ചയ്ക്കാണ് തിരച്ചിൽ ആരംഭിച്ചത്. ഏഴ് ഗ്രാമങ്ങൾ ഉൾപ്പെടുന്നതാണ് ഈ പ്രദേശം. പ്രദേശത്ത് ഇരുവിഭാഗവും തമ്മിൽ വെടിവെയ്പ്പ് തുടരുകയാണ്.

✪✪✪

എഥനോൾ കലർത്തിയ E- 20 പെട്രോൾ ശുദ്ധവും സുരക്ഷിതവുമാണെന്ന് പെട്രോളിയം പ്രകൃതിവാതക മന്ത്രാലയവും, റോഡ് ഗതാഗത- ഘനവ്യവസായ മന്ത്രാലയവും അറിയിച്ചു. E-20 പെട്രോളിനെതിരെ പ്രചരിക്കുന്നത് അടിസ്ഥാനരഹിതമായ കാര്യങ്ങളാണെന്ന് ന്യൂഡൽഹിയിൽ വിളിച്ചുചേർത്ത പത്രസമ്മേളനത്തിൽ മന്ത്രാലയ അധികൃതർ വ്യക്തമാക്കി. എഥനോൾ മിശ്രിതം ചേർത്ത ഇന്ധനം ഉപയോഗിക്കുന്നത് വാഹനങ്ങളുടെ എൻജിൻ

തകരാറാക്കുമെന്നും, പരിസ്ഥിതിക്ക് ദോഷമാണെന്നും, ഇന്ധനത്തിൽ കൂടുതൽ വെള്ളം ഉപയോഗിക്കുന്നു

തുടങ്ങിയ വാദം മന്ത്രാലയങ്ങൾ തള്ളി. ഫോർമുല റെയ്സിംഗിൽ പോലും ഉപയോഗിക്കുന്നതും, ഉയർന്ന പ്രവർത്തനക്ഷമത രേഖപ്പെടുത്തിയതും, ശുദ്ധവുമാണ് എഥനോൾ മിശ്രിത ഇന്ധനം.

✪✪✪

കേരളത്തിൽ ബിസിനസ് സ്ഥാപനങ്ങളുടെ വാട്സ്ആപ്പ് അക്കൗണ്ടുകൾ ഹാക്ക് ചെയ്ത് സൈബർ തട്ടിപ്പ് വ്യാപകമാകുന്നതായി സംസ്ഥാന പൊലീസ് അറിയിച്ചു. സ്ഥാപനങ്ങൾ ജാഗ്രത പാലിക്കണമെന്ന് പോലീസ് മുന്നറിയിപ്പ് നൽകി. സ്ഥാപനങ്ങളുമായി സ്ഥിരമായി സാമ്പത്തിക ഇടപാടുകൾ നടത്തുന്ന ഉപഭോക്താക്കളുടെയോ വിതരണക്കാരുടെയോ ഹാക്ക് ചെയ്യപ്പെട്ട വാട്സ്ആപ്പ് അക്കൗണ്ടുകൾ ഉപയോഗിച്ചാണ് തട്ടിപ്പുകൾ നടത്തുന്നത്. അപരിചിതമായ ലിങ്കുകളോ സാധാരണ രീതിക്ക് വിപരീതമായ എക്സ്റ്റൻഷനുകളോ ഉൾപ്പെട്ട ഡോക്യുമെന്റുകൾ യാതൊരു കാരണവശാലും ഡൗൺലോഡ് ചെയ്യരുത്. ഓൺലൈൻ സാമ്പത്തിക തട്ടിപ്പിനിരയായാൽ ഉടൻ തന്നെ 1930 എന്ന സൈബർ ഹെല്പ് ലൈൻ നമ്പറിൽ റിപ്പോർട്ട് ചെയ്യണം.

✪✪✪

സംസ്ഥാനത്ത് പ്ലസ് വൺ ക്ലാസുകൾ നാളെ ആരംഭിക്കും. സംസ്ഥാന തല പ്രവേശനോത്സവം കോഴിക്കോട് തലക്കുളത്തൂർ C.M.M ഹയർസെക്കൻഡറി സ്കൂളിൽ മന്ത്രി N ഷംസുദ്ദീൻ ഉദ്ഘാടനം ചെയ്യും.

✪✪✪

സംസ്ഥാനത്ത് പരക്കെ മഴ തുടരുന്നു. ശക്തമായ മഴയിൽ തിരുവനന്തപുരം ഉൾപ്പെടെ ചിലയിടങ്ങളിൽ റോഡുകളിൽ വെള്ളക്കെട്ട് രൂപപ്പെട്ട് ഗതാഗതം തടസ്സപ്പെട്ടു. ഇന്ന് കോഴിക്കോട്, കണ്ണൂർ, കാസർകോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ മീൻപിടുത്തക്കാർ കടലിൽ പോകരുതെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി.

✪✪✪

ഇന്ന് മലയാളത്തിന്റെ പ്രിയ സാഹിത്യകാരൻ വൈക്കം മുഹമ്മദ് ബഷീറിന്റെ ചരമ വാർഷികദിനം. 1994 ജൂലൈ അഞ്ചിനാണ് ബേപ്പൂർ സുൽത്താൻ വിട പറഞ്ഞത്. വിവിധ നാടുകളിലെ സഞ്ചാരങ്ങളിലൂടെ, സൂക്ഷ്മമായ നിരീക്ഷണങ്ങളിലൂടെ നേടിയെടുത്ത അറിവുകൾ, സരസവും ലളിതവുമായ ഭാഷയിൽ മലയാളിക്ക് കഥകളായും, നോവലുകളായും സമ്മാനിച്ച ബഷീർ, വിവിധ തലമുറകളിൽപ്പെട്ട വായനക്കാരെ സ്വാധീനിച്ചു. സമൂഹത്തിന്റെ

അടിത്തട്ടിൽ ജീവിക്കുന്ന, സാധാരണക്കാരെ കേന്ദ്ര കഥാപാത്രങ്ങളായി സാഹിത്യ രചന നടത്താമെന്നു തെളിയിച്ച പ്രതിഭധനനായിരുന്നു വൈക്കം മുഹമ്മദ് ബഷീർ.

✪✪✪

സംസ്ഥാന വയോജന കമ്മീഷന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനതല യോഗം നാളെ തിരുവനന്തപുരത്ത് ചേരും. വയോജന ക്ഷേമത്തിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതിയിൽ വകയിരുത്തുന്ന ഫണ്ട് കൂടുതൽ കാര്യക്ഷമമായും ഫലപ്രദമായും വിനിയോഗിക്കുന്നത് ചർച്ച ചെയ്യുകയാണ് യോഗത്തിന്റെ ലക്ഷ്യം.

മേയർമാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്സ് അസോസിയേഷൻ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്സ് അസോസിയേഷൻ,, മുൻസിപ്പൽ ചെയർമാൻസ് ചേംബർ എന്നിവയുടെ ഭാരവാഹികളും, സംസ്ഥാന പ്ലാനിംഗ് ബോർഡ്, കില, സംസ്ഥാന വയോജന വകുപ്പ് എന്നിവയുടെ പ്രതിനിധികളും യോഗത്തിൽ പങ്കെടുക്കും.

✪✪✪

ഫിഫ ലോകകപ്പ് ഫുട്ബോൾ പ്രീ ക്വാർട്ടറിൽ ബ്രസീൽ - നോർവേ മത്സരം നാളെ പുലർച്ചെ 1.30ന്. രണ്ടാം മത്സരത്തിൽ പുലർച്ചെ 5.30ന് ഇംഗ്ലണ്ട് മെക്സിക്കോയെ നേരിടും.

പ്രീ ക്വാർട്ടറിന്റെ ആദ്യ ദിനത്തിൽ കാനഡെയെ തോൽപ്പിച്ച് മൊറോക്കോയും പരാഗ്വെയെ പരാജയപ്പെടുത്തി ഫ്രാൻസും ക്വാർട്ടറിലെത്തി.

✪✪✪

ICC വനിതാ ട്വന്റി 20 ലോകകപ്പ് ഫൈനലിൽ ഇന്ന് ഇംഗ്ലണ്ട് ഓസ്ട്രേലിയയെ നേരിടും. ലണ്ടനിലെ ലോർഡ്സ് ക്രിക്കറ്റ് ഗ്രൗണ്ടിൽ രാത്രി എട്ടിനാണ് മത്സരം. ഇരു ടീമുകളും തോൽവി അറിയാതെയാണ് കിരീടപ്പോരാട്ടത്തിന് ഇറങ്ങുന്നത്.

✪✪✪

കോഴിക്കോട് ജില്ലാ സബ് ജൂനിയർ- ജൂനിയർ, അക്വാട്ടിക് ചാമ്പ്യൻഷിപ്പ് അടുത്ത ശനിയാഴ്ച നടക്കാവ് സ്പോർട്സ് കൗൺസിൽ സ്വിമ്മിങ് പൂളിൽ സംഘടിപ്പിക്കും. ഈ മാസം 16 മുതൽ 19 വരെ തിരുവനന്തപുരത്ത് സംസ്ഥാന ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്ന ജില്ലാ ടീമിനെ ഈ ചാമ്പ്യൻഷിപ്പിൽ നിന്ന് തിരഞ്ഞെടുക്കും. പങ്കെടുക്കുന്ന സ്കൂളുകളും ക്ലബ്ബുകളും മറ്റന്നാൾ വൈകിട്ട് അഞ്ചിന് മുൻപ് എൻട്രികൾ നൽകേണ്ടതാണ്.

✪✪✪

ട്രോളിങ് നിരോധനം പ്രാബല്യത്തിൽ വന്നതിനുശേഷം ഫിഷറീസ് വകുപ്പും മറൈൻ എൻഫോഴ്സ്മെന്റും നടത്തിയ സംയുക്ത പരിശോധനയിൽ പത്തിലധികം നിയമലംഘനങ്ങൾ കണ്ടെത്തി. പിടിച്ചെടുത്ത മൽസ്യയാനങ്ങളിൽനിന്ന് രണ്ടു ലക്ഷത്തോളം രൂപ പിഴ ഈടാക്കി. ട്രോളിംഗ് നിരോധനം ലംഘിച്ചാൽ  മീൻപിടുത്ത വള്ളങ്ങൾ ഉൾപ്പെടെ പിടിച്ചെടുക്കുമെന്ന് കർശന മുന്നറിയിപ്പുണ്ട്. ഫിഷറീസ് വകുപ്പിന്റെ നിരീക്ഷണ സംവിധാനങ്ങളും ശക്തമാക്കി.

✪✪✪

കോഴിക്കോട് കുറ്റ്യാടിയിൽ ബേക്കറി ഉൽപ്പന്നങ്ങളുടെ മൊത്തവിതരണ കേന്ദ്രത്തിൽ ഭക്ഷ്യസുരക്ഷാ വകുപ്പ് നടത്തിയ പരിശോധനയിൽ നിയമ ലംഘനങ്ങൾ കണ്ടെത്തി. ലാബ് പരിശോധനയ്ക്കായി അധികൃതർ സ്ഥാപനത്തിൽ നിന്ന്  ഉത്പന്നങ്ങളുടെ സാമ്പിളുകൾ ശേഖരിച്ചു. തുടർ  നടപടി സ്വീകരിച്ചുവരികയാണെന്ന്  അധികൃതർ അറിയിച്ചു.

✪✪✪

തിരുവനന്തപുരം നഗരത്തിലെ ശുചീകരണം നിലച്ചതായി CPIM നേതാവ് V ശിവൻകുട്ടി ആരോപിച്ചു. നഗരസഭയിൽ സ്റ്റിയറിങ് കമ്മിറ്റി  യോഗങ്ങൾ ചേരുന്നില്ലെന്നും, നഗരസഭാ ഭരണം സ്തംഭിച്ചിരിക്കുകയാണെന്നും അദ്ദേഹം തിരുവനന്തപുരത്ത് മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

കോഴിക്കോട് മെഡിക്കൽ കോളേജിന്റെ സബ് സെന്ററായി പ്രവർത്തിക്കുന്ന ചെറൂപ്പ ഹെൽത്ത് സെന്ററിന്റെ സമഗ്ര വികസനത്തിന് ഉടൻ മാസ്റ്റർപ്ലാൻ തയാറാക്കുമെന്നും ആധുനിക സാമൂഹികാരോഗ്യ കേന്ദ്രമായി ആശുപത്രിയെ ഉയർത്തുമെന്നും മന്ത്രി K. മുരളീധരൻ പറഞ്ഞു. സെന്ററിന്റെ വികസന സാധ്യതകൾ അറിയാൻ ആശുപത്രി സന്ദർശനത്തിനെത്തിയതായിരുന്നു മന്ത്രി .

50 കോടി രൂപയുടെ വികസന പ്രവൃത്തികളുടെ മാസ്റ്റർ പ്ലാൻ എത്രയും വേഗം തയാറാക്കാൻ കോഴിക്കോട് മെഡിക്കൽ കോളേജ് അധികൃതരുമായി പ്രാഥമിക ചർച്ചകൾ നടത്തിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

✪✪✪

ഛത്തീസ്ഗഡിലെ പ്രശസ്ത പാണ്ഡവനി ഗായികയും പത്മവിഭൂഷൺ പുരസ്കാര ജേതാവുമായ തീജൻ ബായി അന്തരിച്ചു. ആകർഷകമായ ശബ്ദം,സവിശേഷമായ ആഖ്യാനശൈലി എന്നിവ ടീജൻബായ്, ‘പാണ്ഡവാനി'ക്ക് ഇന്ത്യയിലും അന്താരാഷ്ട്രതലത്തിലും പ്രശസ്തി

നേടിക്കൊടുത്തു. മഹാഭാരത കഥകളെ വേദിയിൽ ജീവസ്സുറ്റതാക്കുന്ന അസാമാന്യ കഴിവ് അവരെ ഇന്ത്യൻ നാടോടി കലാരംഗത്തെ പ്രശസ്തരായ കലാകാരികളിൽ ഒരാളാക്കി.

ഇന്ത്യൻ നാടോടി കലാരംഗത്തെ മികച്ച സംഭാവനകൾ പരിഗണിച്ച് പത്മശ്രീ, പത്മഭൂഷൺ, പത്മവിഭൂഷൺ എന്നിവ നൽകി രാജ്യം അവരെ ആദരിച്ചു.

ടീജൻ ബായിയുടെ നിര്യാണത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി അനുശോചനം രേഖപ്പെടുത്തി. തന്റെ മികച്ച ആവിഷ്കാരങ്ങളിലൂടെ ഛത്തീസ്ഗഡിലെ നാടോടി കലാരൂപത്തിന് ആഗോളതലത്തിൽ അംഗീകാരം നേടിക്കൊടുക്കാൻ അവർക്ക് സാധിച്ചുവെന്ന് പ്രധാനമന്ത്രി സോഷ്യൽ മീഡിയ കുറിപ്പിൽ പറഞ്ഞു. അവരുടെ വിയോഗം കല-സാംസ്കാരിക ലോകത്തിന് നികത്താനാവാത്ത നഷ്ടമാണെന്നും പ്രധാനമന്ത്രി പറഞ്ഞു .

✪✪✪

പത്തനംതിട്ട ജില്ലയിൽ മറ്റന്നാൾ ഷിഗല്ല ബോധവത്കരണ ദിനമായി ആചരിക്കുമെന്ന് മന്ത്രി PC വിഷ്ണുനാഥ് അറിയിച്ചു. ആരോഗ്യം, വിദ്യാഭ്യാസം, തദ്ദേശം തുടങ്ങി വിവിധ വകുപ്പുകളെ ഉൾപ്പെടുത്തിയാകും പരിപാടി സംഘടിപ്പിക്കുക. കളക്ടറേറ്റ് കോൺഫറൻസ് ഹാളിലെ അവലോകനയോഗ ത്തിനുശേഷം സംസാരിക്കുകയായിരുന്നു മന്ത്രി.

ജില്ലയിൽ ഭക്ഷ്യസുരക്ഷാവകുപ്പിന്റെ നേതൃത്വത്തിൽ പരിശോധന കർശനമാക്കുമെന്നും രോഗബാധ സ്ഥിരീകരിച്ച ആറന്മുള എഴിക്കാട് ഉന്നതിയിൽ ആരോഗ്യവകുപ്പിന്റെ ക്യാമ്പ് നടത്തുമെന്നും മന്ത്രി പറഞ്ഞു.

✪✪✪

---

*News Editor : വി കെ സുരേഷ്*
*News Reader: സിയാബ് ടി. പി*
*News Team:അബ്ദുൾ കബീർ, രജ്ന കെ*
*DEO: ഷീബ*